# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം.792** **09.08.2017-ൽ മറുപടിയ്ക്ക്**

**<u>നെയ്യാറ്റിൻകരയിൽ കെ.എഫ്.ഡി.സി.തീയേറ്റർ</u>**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.കെ.ആൻസലൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) നെയ്യാറ്റിൻകര നഗരസഭ ഷോപ്പിംഗ് സെന്ററിൽ കെ.എഫ്.ഡി.സി. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന രണ്ടു സിനിമാ തീയേറ്ററുകളുടെ ഡി.പി.ആർ.കിഫ്ബിക്ക് നൽകിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ നിർമ്മാണ ചെലവ് എത്രയാണ്; നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ; | (എ) & (ബി) | ഇല്ല. നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോള മിങ്ങോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി Detailed Project Report (ഡി.പി.ആർ) തയ്യാറാക്കുന്നതിലേക്കായി ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ഡി.പി.ആർ തയ്യാറായാൽ മാത്രമേ നിർമ്മാണ ചെലവ് നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയും. |
| (സി) പ്രസ്തുത തീയേറ്റർ നിർമ്മിക്കുന്ന സ്ഥലത്തിന്റെ രേഖകൾ നെയ്യാറ്റിൻകര നഗരസഭ നൽകിയിട്ടുണ്ടോ? വ്യക്തമാക്കാമോ? | (സി) | തിയേറ്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ രേഖകൾ നെയ്യാറ്റിൻകര നഗരസഭ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുകയും ടി സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉദ്യോഗസ്ഥ സംഘം പരിശോധിച്ച് structure stability certificate ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം തീയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി അനുവദിക്കുന്നത് സംബന്ധിച്ച കരട് എഗ്രിമെന്റ് നഗരസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ